ശുചിത്വമിഷൻ
തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ

23.01.2026

## പത്രക്കുറിപ്പ്

## ഫെബ്രുവരി രണ്ടാംവാരം സംസ്ഥാനത്ത് ശുചിത്വപഠനോത്സവം

സംസ്ഥാനത്ത് നടപ്പിലാക്കിയ വിദ്യാർത്ഥികൾക്കായുള്ള ആദ്യ ശുചിത്വ സ്കോളർഷിപ്പ് ഇക്കോസെൻസ് പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും, മാതൃകാ പ്രവർത്തനങ്ങളുടെ അവതരണവും ഫെബ്രുവരി 11 മുതൽ 15 വരെ സംഘടിപ്പിക്കും. 2025 ഒക്ടോബറിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി.രാജേഷ് ഉത്ഘാടനം ചെയ്ത വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പായ ഇക്കോസെൻസ് ഈ മാസം പൂർത്തിയാകുകയാണ്. സംസ്ഥാനത്താകെ മാലിന്യ സംസ്കരണ രംഗങ്ങളിൽ മാതൃകാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് 50000 കുട്ടികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്.

സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ മാതൃകാപ്രവർത്തനങ്ങളും നിരീക്ഷണങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കാനും സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുമായാണ് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഫെബ്രുവരി 11 മുതൽ 15 വരെയുള്ള തീയ്യതികളിൽ ശുചിത്വ പഠനോത്സവം സംഘടിപ്പിക്കുന്നത്. ഇതിന്റെ ഭാഗമാവാൻ മറ്റ് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവസരമുണ്ടാകും.

വിദ്യാലയത്തിലെ സ്കോളർഷിപ്പ് പ്രവർത്തനങ്ങളുടെ മികച്ച രീതിയിലുള്ള സംഘാടനം, സ്കൂൾ തലത്തിൽ സ്കോളർഷിപ്പിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ പങ്കാളിത്തം, ശ്രദ്ധേയമായ പ്രവർത്തനങ്ങൾ, സ്കൂൾതലത്തിൽ സംഘടിപ്പിച്ച റിപ്പയർ ഷോപ്പ്, സ്വാപ് ഷോപ്പ്, ഓൾഡ് ഈസ് ഫാഷണബിൾ ഡയറി (old is fashionable diary) എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വിദ്യാലയത്തിന് പ്രസ്തുത ചടങ്ങിൽ അംഗീകാരം നൽകുന്നതുമാണ്.

ശുചിത്വ പഠനോത്സവം വിജയിപ്പിക്കാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപടികൾ സ്വീകരിക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ ബിനു ഫ്രാൻസിസ് അഭ്യർത്ഥിച്ചു.

റവന്യൂ കോംപ്ലക്സ്, 4th ഫ്ലോർ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം – 695033
ഫോൺ : 0471- 2312730, 2319831, ഇ-മെയിൽ : sanitationkerala@gmail.com